## ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി നടത്തുവാൻ കഴിവുള്ള ദൈവം(എഫേസ്യർ3:20)

(ബ്രദർ. സോളമൻ ഇടിക്കുള)

നമ്മുടെ ആവശ്യങ്ങൾ നാം മനുഷ്യരോടു പറഞ്ഞാൽ ഒരു പരിധി വരെ ചിലപ്പോൾ സഹായിച്ചു എന്നു വരാം. എന്നാൽ എല്ലാ മനുഷ്യരും എല്ലാറ്റിനും എല്ലായ്പ്പോഴും സഹായിച്ചു എന്നു വരികയില്ല. അബ്രഹാമിൻെറ കൂടാരത്തിലെ സുഖസൗകര്യങ്ങളിൽ ജീവിച്ചിരുന്ന ഹാഗാർ മകനായ യിശ്മായേലുമായി ബേർ-ശേബ മരുഭൂമിയിൽ ഉഴന്നു നടക്കേണ്ടി വന്നു. അബ്രഹാം കൊടുത്തയച്ച അപ്പവും ഒരു തുരുത്തി വെള്ളവും തീർന്നുപോയി. ഇനിയും എന്ത്? എങ്ങനെ? എന്നീ ചോദ്യങ്ങൾ അവരുടെ മുൻപിൽ ഉയർന്നുവന്നു.. രണ്ടുപേർക്കും സഹിക്കാനാവാത്ത വിശപ്പും ദാഹവും അനുഭവപ്പെട്ടു. ഈ അവസരത്തിൽ-മരണത്തെ മുന്നിൽ കണ്ടുകൊണ്ട് ഹാഗാർ ബാലനെ കുറ്റിക്കാട്ടിൽ ഇട്ടിട്ടു ഉറക്കെ നിലവിളിച്ചു കരയുന്നു. കണ്ണുനീരിനെ മറികടക്കാത്ത ദൈവം ബാലൻെറ നിലവിളി കേട്ടു മരുഭൂമിയിൽ നീരുറവ തുറന്നു. ഇതുപോലെ നാമും പ്രതീക്ഷിക്കാത്ത സമയത്തും മരുഭൂമിയുടെ അവസ്ഥകളിലും കൂടെ കടന്നു പോയിട്ടുള്ളപ്പോൾ ദൈവം നമ്മെയും പോറ്റിപ്പുലർത്തിയിട്ടില്ലേ?. അബ്രഹാം കൊടുത്തതിന് അളവുണ്ട്. മനുഷ്യർ തരുന്നതു പെട്ടെന്നു തീർന്നുപോകും. എന്നാൽ അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ദൈവം തരുന്നത് അളവില്ലാതെയാണ്.

ഫെലിസ്ത്യരോടു യുദ്ധം ചെയ്ത് ഒരു കഴുതയുടെ താടിയെല്ലുകൊണ്ട് അവരിൽ 1000 പേരെ "ഞാൻ സംഹരിച്ചു" എന്നു പറഞ്ഞ് ദൈവത്തിന് കൊടുക്കേണ്ടുന്ന മഹത്വം നൽകാതിരുന്ന ശിംശോൻ ഒരിക്കൽ വെള്ളം കിട്ടാതെ ദാഹിച്ചു മരിച്ചു പോകുമെന്ന അവസ്ഥയിലായി. എന്നാൽ പിന്നീടു ദൈവസന്നിധിയിൽ തന്നെത്തന്നെ താഴ്ത്തിയ ശിംശോൻ ദാഹജലത്തിനായി ദൈവത്തോടു നിലവിളിച്ചു. ദൈവം ശിംശോൻെറ പ്രാർത്ഥന കേട്ടു തനിയ്ക്കു വേണ്ടി ഒരു കുഴി പിളരുമാറാക്കിം അതിൽനിന്നും വെള്ളം പുറപ്പെട്ടു വന്നു. ശിംശോൻെറ ദാഹശമനത്തിനായി കുറച്ചു വെള്ളം മതിയായിരുന്നു. എന്നാൽ വലിയവനായ ദൈവം കൊടുത്തത് അളവില്ലാതെയാണ്.

യിസ്രായേലിൻെറ രാജാവായിരുന്ന ശലോമോനു സ്വപ്നത്തിൽ ദൈവം പ്രത്യക്ഷപ്പെട്ടിട്ടു തനിക്കു ഇഷ്ടമുള്ള വരം ചോദിച്ചുകൊൾവാൻ അരുളപ്പാടുണ്ടായി. ദൈവസന്നിധിയിൽ ശലോമോൻ തന്നെ താഴ്ത്തുകയും, യിസ്രായേൽ ജനത്തെ ന്യായപാലനം ചെയ്യുവാൻ വിവേകമുള്ള ഒരു ഹൃദയം മാത്രം ആഗ്രഹിക്കുകയും അതു ദൈവത്തോടു അപേക്ഷിക്കുകയും ചെയ്തു. ധനമോ, മാനമോ, കീർത്തിയോ ആഗ്രഹിക്കാതെ ശലോമോൻ ചോദിച്ച കാര്യം ദൈവത്തിനു പ്രസാദമാകുകയും അതിൻപ്രകാരം ജ്ഞാനവും വിവേകവുമുള്ളോരു ഹൃദയം നൽകുകയും അതിലുപരിയായി താൻ ചോദിക്കാത്തതും നിനച്ചിരിക്കാത്തതുമായ സമ്പത്തും മഹത്വവും കൂടെ സ്വർഗ്ഗസ്ഥനായ ദൈവം തൻെറ മഹത്വത്തിൻെറ ധനത്തിനൊത്തവണ്ണം അളവില്ലാതെ നൽകി. ദൈവം ഒരുവനെ അനുഗ്രഹിക്കാൻ തുടങ്ങിയാൽ അതിൻെറ അളവു എവിടം വരെയെത്തുമെന്നു മനുഷ്യർക്കാർക്കും ഗ്രഹിക്കാൻ കഴിയുകയില്ല.

നാം ചോദിക്കുന്നതു തരുവാൻ ദൈവത്തിനു തീർച്ചയായും കഴിയും. എന്നാൽ നാം ചോദിക്കുന്നതു കണ്ണുനീരോടും ദൈവത്തിനു പ്രസാദകരവും ആയാൽ നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും ഉപരിയായിട്ടാണ് ദൈവം പലപ്പോഴും തന്നു നമ്മേ അനുഗ്രഹിക്കുന്നത്.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved